# ഋതുക്കൾ

ഭർത്താവിന്റെ കാൽ മേലിൽ നിന്നെടുത്തുവെച്ച് അവൾ എഴുനേറ്റിരുന്നു. ചുറ്റും നല്ല ഇരുട്ടുണ്ട്. പാതവക്കത്തെ ശക്തികുറഞ്ഞ വഴിവെളിച്ചം അകത്തു കടന്നു വരച്ച ഒരു ചെറിയ ചതുരം മാത്രമുണ്ടു മുന്നിൽ.

നീണ്ട നിശ്വാസങ്ങളുടെ താളനിബദ്ധത. ഉറക്കം. ഇരുട്ടിൽ മുഖം വ്യക്തമല്ല. പക്ഷേ, ഏറ്റവും വ്യക്തതയോടെ മൂക്കിന്റെ വടിവുപോലും ഹൃദയത്തിലുണ്ട്. കൂടിപ്പിണഞ്ഞ കൈകൾ ഇളക്കാതെ, ഇടതുകൈകൊണ്ടു ഭർത്താവിന്റെ മുടിയിൽ തടവി അവളോർത്തു. എന്താണിങ്ങനെ ? ഇതു മോശമാണ്. ഈ സ്വഭാവം. പാതിരാഷ്ക്ക് ഉണർന്നിരുന്ന് അതുമിതും ആലോചിക്കുക. എവിടേയുമെത്താതെ, കൂടുതൽ കെട്ടുപിണഞ്ഞനൂലുമായി അവസാനിപ്പിക്കുക. അവസാനം കട്ടിലിന്റെ ഉയർന്ന തലപ്പിൽ തല്ചായ്ച്ച് ഉറങ്ങിപ്പോകുമ്പോൾ, രാവിലെ വൈകിയുണരുമ്പോൾ ദേഷ്യവുംക്ഷീണവുംബാക്കി.

പാതി തുറന്ന ചുണ്ടുകളിലൂടെ. വടിവൊത്ത വയറിലൂടെ വിരലോടിച്ചു വെറുതെ ഇരുന്നു. പണ്ട് അമ്മായി പറഞ്ഞപോലെ ഇതു ശുദ്ധ തെമ്മാടിത്തമാകാം. എല്ലാം തെകഞ്ഞാൽ ഇതാ കേട്. അമ്മായി പറഞ്ഞിരുന്നു.കണ്ടില്ലേ നടത്തം. എന്തിന്റെകുറവാഅവൾക്ക്?

നീണ്ട മുടി തുമ്പുകെട്ടി; കണ്ണെഴുത്തും പൊട്ടു കുത്തും ഇല്ലാതെ നടക്കുമ്പോഴൊക്കെ പിടിച്ചിരുത്തി കണ്ണെഴുതിച്ചുതരുന്ന സ്നേഹത്തിനു മുന്നിൽ ചെറുതാവുകയും ചൂളുകയും ചെയ്യുമ്പോൾ എല്ലായ്പ്പോഴും കണക്കുകൂട്ടുന്നു. എവിടെയാണു തെറ്റിയത്?

അമ്പലത്തിന്റെ വിശുദ്ധിയും ഭക്തന്റെ ആത്മാർത്ഥതയും. ഒരിക്കൽ അയാൾ പറഞ്ഞു; നമുക്കിഷ്ടപ്പെട്ടതിനെ സ്നേഹിക്കാൻ കിട്ടാനാണു മാന്തൂ ഭാഗ്യം വേണ്ടത്.അപ്പോൾതലഭർത്താവിന്റെ മാറിൽ ചേർത്തുവെച്ചു കിടക്കുകയായിരുന്നു. ഭർത്താവിന്റെ നേർത്തു മിനുത്ത വിരലുകൾ ശരീരത്തിലെമ്പാടും തലോടിയിരുന്നു. ഒരു പൂവിനെ തഴുകുന്നതിനേക്കാളേറെ ശ്രദ്ധയോടെ. കണ്ണിനകത്തെവിടെയോ കണ്ണുനീർ കുത്തിമറിഞ്ഞൊഴുകി. പുറത്തുവരാതെ അവിടെ നിന്നു തിളച്ചു. കവിളഞ്ഞ കുറ്റിരോമങ്ങളിൽ ചുണ്ടു വിരൽ നടത്തി അന്നു താൻ പറഞ്ഞു: ഇപ്പോൾ സന്തോഷമെന്താണെന്ന് സൗന്ദര്യമെന്താണെന്ന് എനിക്കറിയാം.

തലമുടി വകഞ്ഞിട്ട വരയിൽ ഉമ്മവെച്ച് അയാൾ കൈപ്പടത്തിൽ അമർത്തിപ്പിടിച്ചു. തണുത്ത ശരീരത്തതിന്റെ അന്നത്തെയും നിസ്സംഗത ഭീതിയോടെ ഓർമ്മയിലെത്തിയപ്പോൾ അവൾ സ്വയം തിരുത്തി, അല്ല, അന്നു താൻ പറഞ്ഞതു നുണയായിരുന്നില്ല, പക്ഷേ---അവസാനിപ്പിക്കാനാവാത്ത ആ വാചകത്തിന്റെ മുന്നിൽ നിസ്സഹായയായി നില്ക്കവെ അവൾ ഭർത്താവിന്റെ ഹൃദയത്തിന്റെ അത്രമേൽ വ്യക്തതയാർന്ന ശബ്ദം കേട്ടുതന്റേത് എന്നുംഅവ്യക്തമായിരുന്നു.

പിന്നിയിട്ട മുടിയുടെ കീഴറ്റം കവിളിൽ ഉരസി അയാൾ ചിരിച്ചു: ''തണുപ്പത്തിക്കുട്ടി.'' അതിന്റെ അർത്ഥം വേഗം പിടികിട്ടി. അതെപ്പോഴും അങ്ങനെയായിരുന്നു. നിരാശപ്പെടാതെ കോപിക്കാതെ അയാൾ അതിനു കീഴടങ്ങി, കുററബോധത്തിനും നിസ്സഹായതയ്ക്കും ഇടയ്ക്ക നിൽക്കുമ്പോഴൊക്കെ ഭർത്താവിന്റെ ശബ്ദം അപഹാസ്യമായി തോന്നുന്നു. സ്റ്റേഹത്തിന്റെ ഉറപ്പുവരുത്തലുകളിൽ, അവളോർത്തു, ഉള്ളതുകൂടി നഷ്ടപ്പെടുന്നു. ആരുടെയും അല്ല കുറ്റം. തൊഴുത്തിനു പിന്നിലുള്ള ഇടുങ്ങിയ വഴിയിൽ വയലിലേക്ക് നിത്യം പണിയെടുപ്പിക്കാൻ പോകുന്ന ആളിനെ നോക്കിനിൽക്കേ സ്വന്തം ഹൃദയത്തിന്റെ മിടിപ്പ് കാതിൽ അലയ്ക്കുകയായിരുന്നു. അകലെനിന്നു കാണുന്ന വെള്ളഷർട്ടിന്റെ ഉടമസ്ഥതയിൽ ശരീരം പൊട്ടിത്തരിച്ചു. കണ്ണുകളിടഞ്ഞാൽതളർന്നുപോകുന്നകാലുകളിൽ ഉറച്ചുനിൽക്കാൻ പാടുപെടുമ്പോഴുണ്ടായിരുന്ന ഉൾക്കിടിലം നഷ്ടപ്പെട്ടത് പിന്നിട്ട ഏതോ ഇടവഴിയിലായിരിക്കണം അതൊരിക്കലും പിന്നെ തിരിച്ചുകിട്ടിയില്ല. വേലിച്ചുവട്ടിലേക്ക് ആരും കാണാതെ എറിഞ്ഞിരുന്ന കൈതപ്പൂങ്കുലയുടെ ഭംഗി ഈ നാലുകൊല്ലത്തിനകത്ത് ആകെക്കിട്ടിയ സമ്മാനങ്ങൾക്കില്ല. ഇമവെട്ടാതെ പാടത്തിന്റെ അപ്പുറത്ത് മറയുന്നതുവരെ നോക്കിനിന്നപ്പോൾ ഒന്നും ആലോചിച്ചിരുന്നില്ല. നിറഞ്ഞ വെയിലിന്റെ പാളിയ്ക്കെതിരെ നീല ശംഖുപുഷ്പം ചിരിവിടർത്തുന്നതുകാണാൻനല്ലഭംഗിയുണ്ടെന്നുമാത്രം തോന്നി.

ഇടുങ്ങിയ ഇല്ലിപ്പടിക്കൽവെച്ച് മുണ്ടുകൾ കൂട്ടിയുരഞ്ഞപ്പോൾ തുടുത്തുപോയ കവിളുകൾ കണ്ണാടിയിൽ നോക്കിയിരുന്ന സന്ധ്യകൾ. വെള്ളം കോരുമ്പോൾ കിണറ്റിലെ കുഞ്ഞിക്കൂട്ടിൽ കുറുകുന്ന പ്രാവുകളെ നോക്കിച്ചിരിച്ച പ്രഭാതങ്ങൾ.

''ഉം?''

ബെഡ്റൂംലാംബ്പെട്ടെന്നുതെളിഞ്ഞു.

'ഉം?'' ഉറക്കച്ചടവിനേക്കാൾ ഉൽക്കണ്ഠ.

പുതപ്പെവിടെ ? തണുക്കുന്നുഎനിക്ക്.

കൂട്ടിയടുപ്പിച്ച്അയാൾചെവിയിൽപറഞ്ഞു:..അതിനുപുതപ്പെന്തിനാ..

ശരീരത്തിലെഒരുരോമംപോലുംഅനങ്ങാത്തതിൽഅവൾക്കെന്തെന്നില്ലാത്ത ദേഷ്യം തോന്നി.

''എനിക്കുറക്കം വരുന്നു''അവൾധൃതിയിൽപറഞ്ഞു

ഒരു നിമിഷം. ദീർഘനിശ്വാസത്തിന്റെ അവസാനം കൂട്ടിപ്പിടിച്ച കൈകൾ കൂടുതൽ മുറുകി കൺപോളകളിൽതടവിഅയാൾ.

''ഉറങ്ങിക്കോളൂ''

വരാത്ത ഉറക്കത്തിനു വേണ്ടി പ്രാർത്ഥിച്ചു കണ്ണുകളടയ്ക്കവെ പുരുഷന്റെ ഹൃദയ മിടിപ്പ് സ്വാസ്ഥ്യം നശിപ്പിച്ചു. സ്വന്തം ഹൃദയത്തിന്റെ അതിസാധാരണമായ വേഗത. അവൾക്കറപ്പു തോന്നി. കൺപോളകൾക്കകത്ത്സ്വപ്നങ്ങളില്ലാത്ത ശൂന്യത. ഭീതിയോടെ, വെറുപ്പോടെ കണ്ണുതുറന്നു രോമം നിറഞ്ഞ മാറിന്റെ ഒരു ഭാഗം മുന്നിൽ ഉറക്കത്തിലെന്ന പോലെ തിരിഞ്ഞു കിടക്കുമ്പോൾ ശ്രദ്ധിച്ചു. ചുറ്റിയ കൈ അയഞ്ഞിട്ടില്ല. ഇപ്പോൾ മുന്നിൽ ഇരുട്ടു ഒട്ടിച്ചുവെച്ച ചുമരാണ്. എന്തിനാണ് തന്റെ ഹൃദയം ഇത്ര ഉറക്കെ മിടിക്കുമന്നത്. അവളോർത്തു. അടുത്ത വീട്ടിലെ കട്ടികളെന്താണു കരയാത്തത്. അക്കരപ്പച്ചകൾ.എവിടേക്കു രക്ഷപ്പെടാൻ ? ഈ നാലു ചുമരിനകം  പോലെത്തന്നെയാണ് മറ്റൊരു നാലു ചുമരിനകവും. എന്നാലും പാൽക്കാരിത്തള്ള വേഗംവന്നെങ്കിൽ. ബെഡ്റൂം ലൈറ്റിന്റെ ചെറിയ വെളിച്ചത്തിൽ മേശപ്പുറത്തെപൂക്കൾക്ക് ഒട്ടകത്തിന്റെ ആകൃതിയാണ്. വാർഡ് റോബിൽ ഒഴിഞ്ഞ ഹാങ്ങറുകൾ. നിലവിളക്കിനു മുന്നിലെ എന്നും ചിരിക്കുന്നശ്രീകൃഷ്ണൻ.കണ്ണുകൾവെറുതെഅലയവെവീണ്ടുംഅവൾആശിച്ചു.പാൽക്കാരിത്തള്ള വേഗം വന്നെങ്കിൽ അടുക്കളയിൽ പാത്രങ്ങളുണരും. പ്രഭാതത്തിന്റെ നേർത്ത സുഖപ്രദമായ വെളിച്ചത്തിൽ ഇതു തീരും. ഈശ്വാസംമുട്ടൽ.

ക്ലോക്കിന്റെ അവസാനിക്കാത്ത ശബ്ദം. അസഹനീയമായ വെറുപ്പോടെ ലൈറ്റു കെടുത്തി. രണ്ടാണു സമയം. മണിക്കൂറുകൾ. പ്രഭാത്തിനുമുൻപ് എത്ര മണിക്കൂറുകൾ. തലയണയിലെ സാറ്റിനിൽ അടർന്നുവീണ കണ്ണീരിനെതിരെ തിരിഞ്ഞ് അവൾ ഭർത്താവിന്റെ കവിളിൽ കൈയമർത്തി. 'വരൂ... കണ്ണീരിന്റെ നനവ് തുടച്ചുകളഞ്ഞ്അവൾപറഞ്ഞു.എനിക്ക്തീരെഉറക്കംവരുന്നില്ല.